RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 23.03.2020

## സർക്കുലർ നമ്പർ 20/20

വിഷയം:- കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - രോഗവ്യാപനം തടയുന്നത് - താൽകാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

പരാമർശം:- സർക്കാരിന്റെ 20.03.2020 ലെ സ.ഉ.(സാധാ) നമ്പർ 1247/2020/പൊ.ഭ.വ. നമ്പർ ഉത്തരവ്

*****

കോവിഡ് 19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും, സഹകാരികൾ, ഇടപാടുകാർ, പൊതുജനങ്ങൾ എന്നിവർക്ക് സാമ്പത്തിക പ്രയാസത്തിന് ഇടയാകുന്ന തരത്തിൽ സംഘങ്ങൾ അടച്ചിടുന്ന ഒരു സാഹചര്യം ഒഴിവാക്കപ്പെടേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ കേരളത്തിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (നീതി മെഡിക്കൽ സ്റ്റോർ/ആശുപത്രികൾ/ലാബുകൾ) തുടർന്നും യാതൊരുവിധത്തിലുമുള്ള നിയന്ത്രണങ്ങളുമില്ലാതെ പൊതുജനങ്ങളുടെ സൗകര്യാർത്ഥം പ്രവർത്തിക്കേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളിൽ 31.03.2020 ന് നടത്തുന്ന Stock verification നുമായി ബന്ധപ്പെട്ട് യാതൊരു കാരണവശാലും ടി സ്ഥാപനങ്ങൾ അടച്ചിടുന്ന സാഹചര്യം ഉണ്ടാകരുത്. സ്റ്റോക്ക് പരിശോധന സംബന്ധിച്ച് വകുപ്പ് ഉദ്യോഗസ്ഥരും സംഘവും തമ്മിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2. സഹകരണ സ്ഥാപനങ്ങളിലെ കളക്ഷൻ ഏജന്റ് മാർ ഇനിയൊരു നിർദ്ദേശം ലഭിക്കുന്നതുവരെ കളക്ഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർത്തിവെക്കേണ്ടതാണ്.
3. അപ്പെക്സ് സ്ഥാപനങ്ങളും മറ്റ് സംസ്ഥാനതല സ്ഥാപനങ്ങളുടെ ഹെഡ് ആഫീസുകളും റീജണൽ ആഫീസുകളും പരാമർശം സർക്കാർ ഉത്തരവിന് വിധേയമായി ജീവനക്കാരെ ഒന്നിടവിട്ട ദിവസങ്ങളിൽ ജോലിക്ക് ഹാജരാകുന്ന വിധത്തിൽ ഔദ്യോഗിക കൃത്യത്തിന് തടസ്സം വരാത്ത രീതിയിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതാണ്.
4. കൂടുതൽ ജീവനക്കാരുള്ള ധനകാര്യ ഇടപാടു നടത്തുന്ന സ്ഥാപനങ്ങൾ, ശാഖകൾ എന്നിവിടങ്ങളിൽ ഇടപാടുകാർക്ക് തടസ്സം വരാത്ത രീതിയിൽ ഖണ്ഡിക 3 ലെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.
5. മേൽ നിർദ്ദേശ പ്രകാരം ക്രമീകരണങ്ങൾ വരുത്തുമ്പോൾ ഇടപാടുകാർക്ക് അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് യാതൊരു വിധ തടസ്സവും നേരിടുന്നില്ലയെന്ന് ഭരണസമിതി/ജീവനക്കാർ ഉറപ്പുവരുത്തേണ്ടതാണ്.
6. പൊതു ജനങ്ങൾ കൂടുതലായി പങ്കെടുക്കുന്ന എം.ഡി.എസ്/ജി.ഡി.എസ് ലേലം അദാലത്തുകൾ തുടങ്ങിയവ ഈ കാലയളവിൽ പരമാവധി ഒഴിവാക്കുകയോ, മാറ്റിവക്കേണ്ടതോ ആണ്.
7. ഇടപാടുകാർ കൗണ്ടറുകളിൽ ഒരേ സമയം കൂടുതലായി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടുന്ന ക്രമീകരണം നടത്തേണ്ടതാണ്.
8. ജീവനക്കാർ കോവിഡ്-19 തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ കൃത്യമായി സ്വീകരിക്കേണ്ടതും ഇടപാടുകാരിൽ നിന്നും നിശ്ചിത അകലം പാലിക്കേണ്ടതുമാണ്.
9. എല്ലാ സ്ഥാപനങ്ങളിലും ഹാൻഡ് സാനിറ്റൈസർ, കൈ കഴുകുവാനുള്ള സൗകര്യം എന്നിവ ക്രമീകരിക്കേണ്ടതാണ്.

10. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ 2020 മാർച്ച് 31 ന് മുൻപായി ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം പൂർത്തികരിക്കേണ്ടതാണ്.

11. ഓരോ ജില്ലകളിലെയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അതാത് ജില്ലാ കലക്ടർമാർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

12. ഇനി ഒരു നിർദ്ദേശം വരുന്നതുവരെ തിരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് വോട്ടെടുപ്പ് ആവശ്യമായി വരുന്ന സാഹചര്യങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയത് മാറ്റിവെക്കേണ്ടതാണ്(ഇത് സംബന്ധിച്ച ഉത്തരവ് സർക്കാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.)

മേൽ നിർദ്ദേശങ്ങൾ എല്ലാ സഹകരണസംഘങ്ങളും സഹകാരികളും ജീവനക്കാരും പാലിക്കണമെന്ന് അറിയിക്കുന്നു.

ഒപ്പ്
അലക്സാണ്ടർ.എ
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി.(ഉപരിപത്രം സഹിതം)
3. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
4. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
11. എഡിറ്റർ/സഹകരണ വീഥി,
12. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

// അജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ ( ഇ.ബി.)